കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വക

[www.lfa.kerala.gov.in](http://www.lfa.kerala.gov.in)

# നീലേശ്വരം നഗരസഭ

# 2015-2016 വർഷത്തെ ഓഡിറ്റ് റി

## സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

# ഓഡിറ്റ് കാര്യാലയം

**e-mail:doksd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി -4/ 103/2017

കേരള ന
ജ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കാസറഗോഡ്

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)
നീലേശ്വരം നഗരസഭ

സർ,

വിഷയം : നീലേശ്വരം നഗരസഭ - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റി

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4) എന്നിവയിലെ നീലേശ്വരം നഗരസഭയുടെ 2015-16 സാമ്പത്തികവർഷങ്ങളിലെ വരവു പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കു

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക പ്ര

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുക വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗ വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേ തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ച

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധി കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ സെക്ഷൻ15(1) ചട്ടം 20, 23, 1997ലെ കേരളാ മുനിസിപ്പാലിറ്റി പരിശോ സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) , (2)

സീനി

പകർപ്പ് :

1) ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹി

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം ( ഉപരിപത്രം സഹ

3) റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് , കോഴിക്കോട് (ഉപരി

4) കാര്യാലയ പകർപ്പ്

നം:കെ.എസ്.എ-കെ.എസ്.ഡി-4 /103 /2017 തിയതി

# നീലേശ്വരം നഗരസഭയുടെ 2015-16 സാമ്പത്തിക വർ ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റി

**(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994ലെ കേരളാ ലേ നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളി പ്രകാരം പുറപ്പെടുവിക്കുന്നത്.)**

നീലേശ്വരം നഗരസഭയുടെ 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ വര ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ കിട്ടിയ പദ്ധതിവിഹിതം, മെയിന്റനൻസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതിവിഹി പദ്ധതിവിഹിതം, മറ്റ് ഏജൻസികളിൽ നിന്നും, വകുപ്പുകളിൽ നിന്നുമുള്ള ധ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. നഗരസഭ 01-02-2016 മുതൽ 3 ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ട പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽ മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷ തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കി നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജെസ്റ്റോ പോൾ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 21.01.2017 മുതൽ 31.01.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| | ധനജയൻ.ടി.എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗോപാലകൃഷ്ണ നായിക്, | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.ജയാനന്ദ.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | രഘുനാഥൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | എം.ബാബു | സീനിയർഗ്രേഡ് ഓഡിറ്റർ |
| | സുധീഷ്.എൻ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| ചെയർപേഴ്സൻ | ശ്രീമതി.വി.ഗൗരി | 01-04-2015മുതൽ 11-11-2015വരെ |
| | ശ്രീ.കെ.പി.ജയരാജൻ | 12-11-2015 മുതൽ31-03-2016വരെ |
| സെക്രട്ടറി | ശ്രീ.എൻ.കെ.ഹരീഷ് | 01-04-2015മുതൽ 31-3-2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ.ജാക്സൺ ജോസഫ് | 01.04.2015 05.08.2015വരെ |
| | ശ്രീ.സിജോ.പി.എസ് | 06.08.2015 31.03.2016വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ആർജിത.പി.വി | 01.04..2015 31.03.2016വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.സരസമ്മ.ബി | 01.04..2015 12.01.2016വരെ |
| | ശ്രീമതി.അനുശ്രീ.കെ.പി | 13.01.2016 31.03.2016വരെ |
| മെമ്പർ സെക്രട്ടറി | ശ്രീ.പ്രമോദ്.കെ | 01.04..2015 31.03.2016വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീ.നാരായണൻ | 01.04..2015 03.06.2015വര |
| | ശ്രീമതി.ദിനപ്രഭ.കെ.പി | 04.06.2015 31.03.2016വര |
| വെറ്ററിനറി സർജ്ജൻ | ഡോ.സൂര്യനാരായണ ഭട്ട് | 01.04..2015 31.03.2016വര |
| M O ആയുർവ്വേദം | ഡോ.പൂർണ്ണിമ | 01.04..2015 31.03.2016വര |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.സതീഷ് കുമാർ.എം | 01.04..2015 31.03.2016വര |
| M O ഹോമിയോ | ഡോ.ജോളി ജെയിംസ് | 01.04..2015 31.03.2016വര |
| വ്യവസായ വികസന ഓഫീസർ | ശ്രീ.അരുൺ രാജ് | 01.04..2015 31.03.2016വര |
| ഫിഷറീസ് സബ്-ഇൻസ് പെക്ടർ | ഡോ.രാഘവൻ | 01.04..2015 31.03.2016വര |
| ഹെൽത്ത് ഇൻസ് പെക്ടർ | ശ്രീ.കെ.വി.വാസു | 01.04..2015 31.03.2016വര |
| സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | ഡോ.ദിനേശ് കുമാർ | 01.04..2015 09.04.2015വര |
| | ഡോ.സുരേശൻ | 10.04.2015 24.08.2015വര |
| | ഡോ.ജമാൽ അഹമ്മദ് | 25.08.2015 31.03.2016വര |

**ഉള്ളടക്കം**

| ക്രമ നം. | ഭാഗം 1 | ഖ നമ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-1 |
| 12 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-1 |
| | ഭാഗം 2 | |
| 13 | കെട്ടിടനിർമ്മാണ പെർമിറ്റ് ക്രമവൽക്കരിക്കുന്നതിന് ഫീസ് ഈടാക്കിയതിൽ കുറവ്. | 2-1 |
| 14 | ഡി & ഒ ലൈസൻസ് - അപാകതകൾ | 2-2 |
| 15 | പാരാമെഡിക്കൽ & ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ- റജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 2-3 |
| 16 | തൊഴിൽ നികുതി വരവ് - അപാകതകൾ | 2-4 |
| 17 | ടെണ്ടർ നോട്ടീസ് & ഇ എം ഡി - പുതുക്കിയ നിരക്ക് ഈടാക്കുന്നില്ല | 2-5 |
| | ഭാഗം 3 | |

| | | |
|---|---|---|
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജ് പഠനത്തിന് ധനസഹായം പദ്ധതി - അപാകത. | 3-1 |
| 19 | നഗരസഭാ സെക്രട്ടറിക്ക് മുറിവാടക നൽകിയത്- അപാകത | 3-2 |
| 20 | മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല | 3-3 |
| 21 | ഇ.പി.എഫ് അടവ് വൈകിയതിന് പലിശ, ഡാമേജ് തുക ഒടുക്കിയത് | 3-4 |
| 22 | ചെലവ് വൌച്ചറുകൾ ഹാജരാക്കിട്ടില്ല 1,18,816/ രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 23 | പദ്ധതി നടത്തിപ്പിലെ അപാകത 71,906 രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 24 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ | 3-7 |
| 25 | പട്ടികജാതി കുടുംബത്തിന് വീട് നിർമ്മാണത്തിന് ധനസഹായം പദ്ധതി- ആദ്യഗഡു കൈപ്പറ്റിയവർ വീട് നിർമ്മാണം തുടങ്ങിയിട്ടില്ല | 3-8 |
| 26 | മാലിന്യസംസ്കരണം - ക്ലീൻ കേരളാ ലിമിറ്റഡ് കമ്പനിയുടെ ഓഹരി വാങ്ങൽ പദ്ധതി. | 3-9 |
| 27 | GLPS പരത്തിക്കമുറിയുടെ കെട്ടിടം പൊളിച്ചു നീക്കൽ പ്രവൃത്തി-അപാകത | 3-1 |
| 28 | നഗരസഭയുടെ കാറിന്റെ ടയറുകൾ മാറ്റിയത് - പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷന്റെ അനുമതി വാങ്ങിയിട്ടില്ല | 3-1 |

| | | |
|---|---|---|
| | | |
| 29 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ- സംബന്ധിച്ച് | 3-1 |
| 30 | പ്രോജക്ട് ഒ◌ാഫിസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ-നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ | 3-1 |
| 31 | റോഡ് റീടാറിംഗ് - MoRD ഡേറ്റാ പ്രകാരം പദ്ധതി നടപ്പാക്കതിനാൽ അധിക തുക നല്കാൻ ഇടയായി. | 3-1 |
| 32 | മത്സ്യമാർക്കറ്റ് നവീകരണം- നിഷ്ക്രിയ അസ്തി. | 3-1 |
| 33 | എ.പി റോഡ് റീടാറിംഗ് അധിക തുക അനുവദിച്ചിരിക്കുന്നു | 3-1 |
| | ഭാഗം 4 | |
| 34 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


## അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം -1
# പൊതു അവലോകനം
പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 ലെ ഭരണസമിതി തീരുമാനം അംഗീകരിക്കുകയുണ്ടായി. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 4,04,44,031 |
| വരവ് | 33,77,63,500 |
| ആകെ | 37,82,07,531 |
| ചെലവ് | 36,71,94,600 |
| നീക്കിയിരിപ്പ് | 1,10,12,931 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 20-12-2016 |

വാർഷിക ധനകാര്യ പത്രിക നിയമാനുസൃത സമയ പരിധിക്കുള്ളിൽ സമർപ്പ് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്ക

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് തീയതി ( |
|---|---|---|
| 2015-16 | 24-01-2017 | അനുബന്ധം- 1 ( ഉൾപ്പെടുത്തിയിട്ടുണ്ട് |

ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ വാർഷിക ധനകാര്യപത്രിക സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർ

1) 2014-15 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യം അപാകതകൾ പരിഹരിച്ചിട്ടില്ല.

2)വികസന ഫണ്ട്-എസ്.സി.പി-എ.സി.ആർ പ്രകാരം നീക്കിബാക്കി തു നീക്കിബാക്കി തുക-60,55,579 വ്യത്യാസം 25,000.

3)വികസന ഫണ്ട്- ട്രഷറി സ്ക്രോൾ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.

4) വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിര കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5) ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല

6) ബാങ്ക് അക്കൗണ്ടിന്റെ 31.03.2016 ലെ റീകൺസിലിയേഷൻ പത്രികയിൽ പ കാണിച്ച ചെക്കുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.വിവരം ചുവടെ നൽകുന്നു

| അക്കൗണ്ട് | ചെക്കുനമ്പർ/ തിയ്യതി | തുക |
|---|---|---|
| തനത് ഫണ്ട്(A/C No- 4502501101) | 0866505/29.07.2015 | 280 |
| | 0866524/11.02.2016 | 1,155 |
| SBTതനത് ഫണ്ട്(A/C No- 450210100) | 366835/01.03.2014 | 1,520 |
| | 401867/05.06.2014 | 6,900 |
| | 401903/19.07.2014 | 116 |
| Kerala Gramin Bank(A/C No- 450620100) | 395465/08.01.2014 | 365 |
| | 492401/31.03.2014 | 28,380 |
| SBT-Service Tax(A/C No- 450410100) | 682430/11.02.2016 | 18,831 |
| | 682430/09.03.2016 | 19,164 |

8) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ അ (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്ര പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 8,91,89,902 |

| | |
|---|---|
| വരവ് | 12,74,35,865 |
| ആകെ | 21,66,25,767 |
| ചെലവ് | 16,34,56,291 |
| നീക്കിയിരിപ്പ് | 5,31,69,476 |

( കുറിപ്പ്: DBT- പെൻഷൻ ഓൺലൈൻ മുഖേന നടത്തിയ ചെലവ് 3,91,15,050 രൂ
വരവിലും ചെലവിലും ഉൾപ്പടുത്തിയിട്ടുണ്ട്)

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1,44,34,454 | 2,96,83,530 (TC) | 4,41,17,984 | 3,31,26,329 | 1,09,91,655 (refund) |
| വികസനഫണ്ട് എസ്.സി.പി. | 60,55,579 | 24,85,845 | 85,41,424 | 43,46,020 | 0 |
| വികസനഫണ്ട് ടി.എസ്.പി. | Nil | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 25,18,449 | 88,89,640 | 1,14,08,089 | 1,14,08,089 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 44,98,471 | 41,82,243 | 86,80,714 | 86,80,714 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 79,78,022 | 2,85,50,458 | 3,65,28,480 | 1,83,88,900 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 73,48,546 | 42,72,366 | 1,16,20,912 | 42,72,366 | 0 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 43,08,918 | 1,57,260 | 44,66,178 | 10,47,992 | 34,18,186 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 4,14,87,770 | 4,14,87,770 | 4,14,87,770 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം 

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്ത പ്രോജക ശതമാ |
|---|---|---|---|---|
| 233 | 12,42,06,529 | 194 | 8,10,28,110 | |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവ

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2015-16 വർത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | |
|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക |
| 1 | മുനിസിപ്പൽ എഞ്ചിനിയർ | 154 | 7,35,28,183 | 120 | 4,78,77,905 |
| 2 | കൃഷി ഓഫീസർ | 9 | 27,08,300 | 9 | 16,32,955 |
| 3 | ICDS സൂപ്പർവൈസർ | 7 | 58,26,700 | 7 | 52,82,498 |
| 4 | മുനിസിപ്പൽ സെക്രട്ടറി | 10 | 97,49,438 | 9 | 87,13,811 |
| 5 | പ്രോജക്ട് ഒാഫിസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 13 | 71,78,800 | 11 | 43,93,921 |

| | | | | | |
|---|---|---|---|---|---|
| 6 | ഹെഡ്മാസ്റ്റർ | 11 | 47,37,000 | 10 | 41,72,265 |
| 7 | വെറ്ററിനറി സർജ്ജൻ | 6 | 46,90,000 | 6 | 22,79,800 |
| 8 | M O ആയുർവ്വേദം | 1 | 5,00,000 | 1 | 5,00,000 |
| 9 | പട്ടികജാതി വികസന ഓ്ഫീസർ | 7 | 67,30,000 | 7 | 22,43,975 |
| 10 | M O ഹോമിയോ | 7 | 15,80,000 | 7 | 15,80,000 |
| 11 | സബ്-ഇൻസ് ഓ്ഫ് പെക്ടർ ഫിഷറീസ് | 1 | 2,00,000 | 1 | 2,00,000 |
| 12 | ഹെൽത്ത് ഇൻസ് പെക്ടർ | 3 | 53,15,800 | 2 | 7,32,715 |
| 13 | സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | 4 | 14,62,308 | 4 | 14,18,265 |
| | | 233 | 12,42,06,529 | 194 | 8,10,28,110 |

2015-16 വർഷം ആകെ 233 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കി നടപ്പാക്കുവാൻ സാധിച്ചത്. ഇതുപ്രകാരം ആകെ പദ്ധതി അടങ്കലിന്റെ 65.23 % വിനിയോഗിക്കുവാൻ സാധിച്ചത്. പൊതുമരാമത്ത് മേഖലയിൽ ആകെ പ്രൊജക്ടുകളിൽ 120 എണ്ണം നടപ്പാക്കുന്നതിനായി 4,78,77,905 കോടി രൂപ വിനിയോ മേഖലയിലെ ആകെ പദ്ധതി അടങ്കലിന്റെ 65.11 %). നിർവ്വഹണ ഉ എൻജിനിയർക്ക സാധിച്ചത്. അടിസ്ഥാന മേഖലകളിൽ പദ്ധതി നടത്തിപ്പിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനത പറയും പ്രകാരം 73ശതമാനം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമ (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 92,18,078 | 1,02,44,522 | 10,26,444 | (+)11 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 22,00,000 | 25,96,387 | 3,96,387 | (+)18 |
| മറ്റുവരവുകൾ | 31,47,888 | 28,00,370 | 3,47,518 | (-)11 |
| ആകെ | 1,45,65,966 | 1,56,41,279 | 10,75,313 | (+)73 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളു എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,16,520 | 358 |
| കർഷകതൊഴിലാളി പെൻഷൻ | 65,67,900 | 615 |
| വിധവാപെൻഷൻ | 1,68,81,040 | 1,088 |
| വാർദ്ധക്യകാലപെൻഷൻ | 99,00,480 | 819 |
| വികലാംഗപെൻഷൻ | 44,52,270 | 325 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 13,13,360 | 103 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 14,70,000 | 49 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് 27.01.2017 ന് (4.30pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

നീലേശ്വരം നഗരസഭയിലെ ആഭ്യന്തര ഭരണനിയന്ത്രണ പ്രവർത്തനങ്ങൾ എ
ഓരോ സെക്ഷന്റെയും പ്രവർത്തനങ്ങളുടെയും സാക്ഷ്യമാവേണ്ടുന്ന പേർസ
മീറ്റിംഗ് മിനുട്ട്സ് എന്നിവ അപൂർണ്ണമാണ്. ഓഫീസ് ഓർഡർ ബുക്ക്, ഇൻകും
പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ട
നിയമത്തിൽ അനുശാസിക്കുന്ന വിധം കാലികമായി പുതുക്കിയ
വ്യവഹാരങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതും, വ്യവഹാര
അവലംബമാക്കേണ്ടതുമായ സ്യൂട്ട് രജിസ്റ്റർ അപൂർണ്ണമായാണ് കാണുന്നത്.
വരവിനങ്ങൾ സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ കൂടുതൽ സൂക്ഷ്മതയോടെ തയ്യ
നടത്തിപ്പിൽ നിർവ്വഹണോദ്യോഗസ്ഥൻമാർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ
നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പും,
എന്നിവയുടെ തയ്യാറാക്കലും, സൂക്ഷിപ്പും സംബന്ധിച്ച വ്യക്തമായ
നല്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ, ചെലവുതുക
ഫയലുകളിലും രജിസ്റ്ററിലും രേഖപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തണ
ഫലപ്രദമായും, സമയബന്ധിതമായും പൂർത്തിയാക്കി വിഭാവനംചെയ്ത
കൈവരിക്കുന്നതിനായി ജീവനക്കാരുടെ യോഗങ്ങൾ കൃത്യമായ ഇ
പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോ ലഭിച്ച തീയത |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2015മുതൽ 22.05.2015വരെ | 2012-13മുതൽ 2014-15വരെ | 26.07.201 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല. | | |

## 1-12 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് മാതൃകയിൽ കേരളത്തിലെ നഗര പ്ര
സംസ്ഥാന പദ്ധതിയാണ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി. 3-11-2010 ലാണ്
കൂറിച്ചത്. 1-4-2012 മുതൽ നഗരകാര്യ വകുപ്പിന്റെ പൂർണ്ണചുമതലയിലാണ് പദ്ധ

**<u>ലക്ഷ്യം</u>**

നഗര പ്രദേശങ്ങളിൽ താമസ്സിക്കുന്ന അവിദഗ്ദ്ധ കായികാധ്വാനത്തി
കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് കുറഞ്ഞത് 10
ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കു
ലക്ഷ്യം. എന്നാൽ 2015-16 ൽ ആകെ 2655 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെങ്കില
ആർക്കും നല്കിയിട്ടില്ല.

## രജിസ്ട്രേഷൻ

നഗര പ്രദേശങ്ങളിൽ സ്ഥിര താമസ്സമുള്ള 18 വയസ്സ് പൂർത്തിയായ അംഗങ
കുടുംബത്തിനും രജിസ്ടേഷന് അപേക്ഷിക്കാം. എ.പി.എൽ/ബി.പി.എൽ വ്യ
ആകെ 1498 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നഗരസഭ പരിധിയിൽ ര
കുടുംബങ്ങളും 436 പട്ടികജാതി കുടുംബങ്ങളും ഉണ്ടെങ്കിലും അതിൽ യഥ
കുടുംബങ്ങളും 75പട്ടികജാതി കുടുംബങ്ങളും മാത്രമാണ് പദ്ധതിയിൽ ഉൾപ്പെട്ട
ദുർബല വിഭാഗങ്ങളെ പദ്ധതിയുടെ കീഴിൽ കൂടുതൽ ഉൾപ്പെടുത്താൻ കഴിയേ

## തൊഴിൽ കാർഡ് വിതരണം

നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ കുടുംബത്തിനും ഉചിതമായ (
പൂർത്തീകരിച്ചതിന് ശേഷം 15 ദിവസത്തിനകം ഫോട്ടോ പതിച്ച തൊഴിൽ കാ(
തൊഴിൽ കാർഡ് നിശ്ചിത സമയപരിധിക്കകം വിതരണം ചെയ്യാത്ത നി
ഉണ്ടായിട്ടുണ്ട്. അവയിൽ ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ | തൊഴിൽ കാർഡ് ലഭിക്കാത്തവരുടെ പേര് | അപേക്ഷ സമർപ്പിച്ച തീയ്യതി |
|---|---|---|---|
| 26 | IV | വി.രുഗ്മിണി | 16-12-14 |
| 67 | VII | കെ.എം.ഉമാവതി | 23-12-14 |
| 69 | VII | പുഷ്പ.കെ | 22-12-14 |
| 71 | VII | പി.വി.പാറു | 22-12-14 |
| 80 | VIII | ജയശ്രീ.എം.വി | 23-12-14 |
| 82 | VIII | യശോദ.പി | 23-12-14 |
| 50 | X | വത്സല.കെ | 26-6-15 |
| 72 | XII | കല്ല്യാണി.ടി.പി | 27-5-15 |
| 37 | XIII | ശോഭന.എം | 22-12-14 |
| 38 | XIII | ലതിക.കെ.എം | 2-9-14 |
| 39 | XIII | തമ്പായി.ടി | 23-12-14 |
| 40 | XIII | ചന്ദ്രമതി.പി | 23-12-14 |
| 41 | XIII | വിലാസിനി.പി.പി | 19-12-14 |
| 5 | XVI | രാജേശ്വരി.എ.കെ | 10-2-15 |
| 6 | XVI | രാജൻ.പി | 16-2-15 |
| 48 | XVII | അജിത.കെ | 7-2-12 |

ബേങ്ക് അക്കൌണ്ട്,ആധാർ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാത്തതു കാരണ
വിതരണം ചെയ്യാൻ താമസം നേരിട്ടതെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. എന്നാ(

രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ കാർഡുകൾ അർഹതപ്പെട്ട എല്ലാവർക്കും യ ശ്രദ്ധിക്കേണ്ടതാണ്.

**ബജറ്റും ആക്ഷൻ പ്ലാനും**

2015-16 വർഷം നഗരസഭ അംഗീകരിച്ച ലേബർ ബജറ്റും ആക്ഷൻ പ്ലാന പ്രോജക്ടുകൾക്കായി 12240600/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2014-15 ആസൂത്രണ സമിതി അംഗീകരിച്ച് നൽകുവാൻ താമസ്സിച്ചതിനാൽ 2015-16 വർ പ്ലാൻ പ്രകാരമുള്ള പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ആയത് അനുസരിച്ച് 4334570 രൂപയുടെ ആക്ഷൻ പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 2015-16 വ പ്രോജക്ടുകൾക്കായി 1046981 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ജാഗ്രതാ മേൽനോട്ട കമ്മിറ്റി**

ഓരോ പ്രവൃത്തിക്കും 7അംഗ ജാഗ്രതാ മേൽനോട്ട കമ്മിറ്റി ഉണ്ടാ പുരോഗതിയും ഗുണമേന്മയും ഉറപ്പ് വരുത്തുകയാണ് ചുമതല. കമ്മിറ്റി പരിശോധിച്ച് സൈറ്റ് ഡയറിയിൽ ഒപ്പ് വെച്ചിട്ടുണ്ട്.

**സോഷ്യൽ ഓഡിറ്റ്**

ഓരോ വാർഡിനും വാർഡ് സഭ വിളിച്ച് ചേർത്ത് പ്രത്യേകം സോഷ്യൽ തെരെഞ്ഞെടുത്തിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ടീം കൃത്യമായി പ്രോജക്ട് മോണിറ്ററിംഗ് നടത്തുന്നുണ്ട്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് ന

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർ

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടനിർമ്മാണ പെർമിറ്റ് ക്രമവൽക്കരിക്കുന്നതിന് ഫീസ് കുറവ്.

2015-16 വർഷത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റ് ക്രമവൽക്കരിക്കുന്നതിന് നി ഈടാക്കിയതിൽ കുറവ് ഉള്ളതായി കാണുന്നു. കേരളാ മുനിസിപ്പാലിറ്റി കെട്ടിട ചട്ടം 143,146(4), ബഹു.തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പ് സെക്രട്ടറി , കേരള ന ഡയറക്ടർക്ക് അയച്ച കത്ത് നം.229813/RD-2/ 15/LSGD/Dt.11.11.15 എന്നിവ പ്രകാ ഇല്ലാതെ കെട്ടിടനിർമ്മാണം നടത്തിയത് ക്രമവൽക്കരിക്കാൻ അപേക്ഷ നൽക രാജിയാക്കൽ ഫീസായി പെർമിറ്റ് ഫീയുടെ രണ്ടിരട്ടിയും ഈടാക്കിയി നടത്തേണ്ടത്. നഗരസഭയിൽ 2015-16 വർഷത്തിൽ രാജിയാക്കൽ ഫീസായി പെ മാത്രം ഈടാക്കിയിട്ടാണ് ക്രമവൽക്കരണം നടത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ

| അപേക്ഷ നം. | പേര്,അഡ്രസ്സ് | ആകെ വിസ്തീർണ്ണം | ക്രമീകരണ ഫീസ് | ക്രമീക ഫീസ് |
|---|---|---|---|---|

| | | | ഈടാക്കേണ്ടത് | ഈടാക |
|---|---|---|---|---|
| 08/15-16 | പ്രസിഡന്റ് വിവി കുഞ്ചമ്പു സ്മാരക വായനശാല | 54.92M2 | 1648/- | 1098/- (Rt.no. 115061024 |
| 29/15-16 | തായത്ത് അമ്പു, കൊട്രച്ചാൽ -വീട് | 121.35M2 | 1274/- | 849/- (Rt.no. 115061001 |
| 108/15-16 | PV.സുശീലഅമ്മ, പടിഞ്ഞാറ്റംകൊഴുവൽ വീട് | 19.76M2 | 207/- | 138/- (Rt.no. 115061023 |
| 121/15-16 | മാടത്തിൽ നിജയൻ ജോളി ആർട്സ് ക്ലബ്ബ് വീവേഷ്സ് സ്ട്രീറ്റ് | 96.78M2 | 1016/- | 944/- (Rt.no. 115061066 |
| 126/15-16 | പ്രമോദ്.A നീലേശ്വരം-വീട് | 122.77M2 | 1289/- | 860/- (Rt.no. 115061054 |
| 141/15-16 | പറമ്പത്ത് റഷീദ്, തൈക്കടപ്പുറം-വീട് | 258.28M2 | 5424/- | 3616/- (Rt.no. 116061048 |
| 162/15-16 | കിണറ്റുകര അമ്പാടി കാര്യങ്കോട്-വീട് | 38.86M2 | 408/- | 273/- (Rt.no. 115061059 |
| 173/15-16 | പ്രസിഡന്റ്,അങ്കക്കളരി തെക്കേവീട് തറവാട്,പേരോൽ-വീട് | 60.54M2 | 636/- | 424/- (Rt.no. 115061054 |
| 192/15-16 | കെ.വി.ലക്ഷ്മി | 30.60M2 | 321/- | 215/- |

| | | | | |
|---|---|---|---|---|
| | പുത്തരിയടുക്കം-വീട് | | | (Rt.no. 115061055 |
| 206/15-16 | ചന്ദ്രൻ<br>പൊടോത്തുരുത്തി-വീട് | 20.02M2 | 210/- | 141/-<br>(Rt.no. 115061069 |
| 230/15-16 | N.രഘുവീരപ്രഭു<br>നീലേശ്വരം-കച്ചവടം | 193.29M2 | 5799/- | 3866/-<br>(Rt.no. 115061005 |
| 237/15-16 | പുതിയടത്ത് ഭാർഗ്ഗവി<br>പള്ളിക്കര -വീട് | 36.60M2 | 384/- | 257/-<br>(Rt.no. 115061099 |
| 246/15-16 | പ്രസീന<br>പാലായി-<br>പമ്പ് ഹൗസ് | 20.35M2 | 611/- | 407/-<br>(Rt.no. 115660829 |
| 256/15-16 | ജയ്ഹിന്ദ് ആർട്സ് ക്ലബ്ബ്,തൈക്കടപ്പുറം | 26.75M2 | 803/- | 533/-<br>(Rt.no. 115060957 |
| 268/15-16 | എ.കെ..അമ്മാളു<br>ഓർച്ച,കോട്ടപ്പുറം-വീട് | 80.54M2 | 846/- | 546/-<br>(Rt.no. 115061094 |
| 274/15-16 | കെ.വി.ചന്ദ്രൻ<br>പുത്തരിയടുക്കം-<br>വീട് | 110.78M2 | 1163/- | 1117/-<br>(Rt.no. 115061107 |
| 292/15-16 | N.രഘുനാഥപ്രഭു<br>നീലേശ്വരം-കച്ചവടം | 90.20M2 | 2706/- | 902/-<br>(Rt.no. 116061019 |

| | | | | |
|---|---|---|---|---|
| 301/15-16 | P.കുഞ്ഞിമറിയം<br>കോട്ടപ്പുറം-വീട് | 126.09M2 | 1324/- | 883/-<br>(Rt.no. 10086/23.1 |
| 312/15-16 | തോമസ് കുട്ടി<br>അംഗക്കളരി-വീട് | 235.14M2 | 4938/- | 3292/-<br>(Rt.no. 115061103 |
| 320/15-16 | M.രഘു<br>നെടുങ്കണ്ട - വീട് | 35.04M2 | 368/- | 246/-<br>(Rt.no. 11506111б |
| 322/15-16 | VV.പ്രഭാകരൻ<br>പ്രീതി.പി | 69.30M2 | 727/- | 486/-<br>(Rt.no. 115061119 |
| 327/15-16 | കുഞ്ഞിവയലിൽ പഞ്ചമി, പുറത്തേക്കൈ-വീട് | 32.95M2 | 346/- | 231/-<br>(Rt.no. 11506111 |
| 425/15-16 | പ്രസിഡന്റ്, സാലിയ സമുദായ വികസന സമിതി,തൈക്കടപ്പുറം | 122.59M2 | 3678/- | 2452/-<br>(Rt.no. 116061054 |
| | | | | **ആകെ** |

മേൽ വിവരിച്ച പ്രകാരം ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതിൽ 12,350/- രൂപ
എൻക്വയറി നം.18/30.01.2017 പ്രകാരം വിശദീകരണം ചോദിച്ചതിന് ബന്ധപ്പെട്ട ക
വന്ന തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമെന്നാണ് മറുപടി നൽകിയ
ഈ തുക എത്രയും പെട്ടെന്ന് പിരിച്ചെടുത്ത് വിശദവിവരം ഓഡിറ്റിനെ
അല്ലാത്തപക്ഷം കുറവ് വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന
സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് - അപാകതകൾ

ഡി & ഒ ലൈസൻസ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെക്കൊ

1. പുതുതായി കച്ചവട സ്ഥാപനങ്ങൾ ആരംഭിക്കാനായി സമർപ്പിക്കുന്ന അ
അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളൂ. ലൈസ

അപേക്ഷകളിൽ മേൽ അന്വേഷണം നടത്താത്തതിന്റെ കാരണം പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളിലും ഹെൽത്ത് ചെന്ന് സ്ഥല പരിശോധന നടത്തണമെന്ന് സർക്കാർ നിർദ്ദേശം അപേക്ഷകളിൻ മേലും ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധന ന സർട്ടിഫിക്കറ്റ് നൽകിയതായോ കാണാൻ സാധിച്ചിട്ടില്ല. (തദ്ദേശ സ്വയംഭരണ 10.01.2013 തീയ്യതിയിലെ 66562/ആർ.സി.3/12/ത.സ്വ.വ നം. സർക്കുലർ).

1. ഡി & ഒ ലൈസൻസ് ഡിമാന്റ് റജിസ്റ്റർ പരിശോധിച്ചതിൽ ത കച്ചവടക്കാർ 2015-16 വർഷത്തിൽ ലൈസൻസ് ഫീ അടവാക്കാത്തതായി

| ക്രമ നം. | വാർഡ് നം. & കെട്ടിട നം. | കച്ചവടക്കാരന്റെ പേരും വിലാസവും | കച്ചവടത്തിന്റെ സ്വഭാവം | ഡിമാന്റ് ലൈസൻ |
|---|---|---|---|---|
| 1 | I / 80 D | തമ്പാൻ കാരണവർ<br>തെരുവത്ത് വീട്<br>കടിഞ്ഞിക്കടവ്<br>നീലേശ്വരം | കിടക്ക – പാത്രങ്ങൾ വിൽപ്പന | 300 |
| 2 | II / 688 | നൌഷാദ് എം<br>സീനത്ത് മൻസിൽ<br>വീവേഴ്സ് സ്ട്രീറ്റ് | ലൈറ്റ് & സൌണ്ട് | രേഖപ്പെട |
| 3 | III / 52,54 | കെ വി രാമചന്ദ്രൻ<br>S/o നാരായണൻ കെ വി<br>ഉപ്പിലിക്കൈ | ഫർണിച്ചർ | 700 |
| 4 | III / 293 B | കുഞ്ഞികൃഷ്ണൻ ബി<br>പടിഞ്ഞാറ്റം കൊഴുവിൽ | സ്റ്റേഷനറി | 500 |
| 5 | III / 350 A | സി എച്ച് സുബൈദ<br>പത്തിലക്കണ്ടം<br>പട്ടേന | റെഡിമെയ്ഡ് ഷോപ്പ് | 750 |
| 6 | III / 369 | കുഞ്ഞിരാമൻ ടി<br>S/o ചെമ്പൻ | ലോട്ടറി സ്റ്റാൾ | 300 |

| | | | | |
|---|---|---|---|---|
| | | ചാത്തമത്ത് | | |
| 7 | III / 406 | രാജൻ കെ | ഇലക്ട്രോണിക്സ് ഷോപ്പ് | 300 |
| 8 | III / 440 | നസ്രുമുദീൻ ടി എസ്<br>ടി എ എസ് വില്ല<br>ചിറപ്പറം | ചെരിപ്പു കട | 500 |
| 9 | III / 462,463 | രാജൻ പി വി<br>പുതുക്കൈ | ടെക്സ്റ്റയിൽസ് | 500 |
| 10 | III / 491 | അപർണ്ണ ദേവദാസ് | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെട |
| 11 | III / 514 | ജയപ്രകാശ് പ്രഭു<br>ചിറപ്പുറം | ആയുർവേദ മെഡിക്കൽസ് | 500 |
| 12 | III / 575 | ടി ശശിധരൻ<br>നീലേശ്വരം | ബുക്ക് സ്റ്റാൾ | 500 |
| 13 | III / 585 | എം കെ വിജയൻ<br>കരുവാച്ചേരി | ജ്വല്ലറി വർക്ക് | 500 |
| 14 | III / 609 | രവി എം<br>പുതിയ വീട്ടിൽ<br>കറുത്ത ഗേറ്റ് | ജ്വല്ലറി വർക്ക് | 500 |
| 15 | III / 612 J,K | ജിഷ എ<br>വാഴവളപ്പിൽ<br>മടിക്കൈ | ബ്യൂട്ടി പാർലർ | 750 |
| 16 | III / 619 | പത്മനാഭൻ ഇ<br>പത്മ നിവാസ്<br>പൂവാലംകൈ | ബാർബർ ഷോപ്പ് | 250 |
| 17 | III / 756 F | എം എച്ച് ഷംശുദ്ധീൻ<br>S/o അബ്ദുൾ കാദർ<br>കാഞ്ഞിരപ്പൊയിൽ | ടെക്സ്റ്റയിൽസ് | 500 |

| | | | | |
|---|---|---|---|---|
| 18 | III / 758 A3 | ഷംശുദ്ധീൻ ടി എ<br>ടി എസ് വില്ല<br>ചിറപ്പുറം | ചെരുപ്പ് കട | 500 |
| 19 | III / 758 A7 | സൌദാമിനി പി<br>വളപ്പിൽ ഹൌസ് | ബുക്ക് സ്റ്റാൾ | 500 |
| 20 | III / 872 | നസീമ എ<br>കോട്ടയിൽ ഹൌസ്<br>കരുവാച്ചേരി | രേഖപ്പെടുത്തിയിട്ടില്ല | 500 |
| 21 | III / 975 | പവിത്രൻ പി വി<br>ലക്ഷ്മി നിവാസ്<br>മൂന്നാം കുറ്റി | ബ്യൂട്ടി പാർലർ | 500 |
| 22 | III / 979 | അനിൽ കുമാർ കെ<br>പേരോൽ | ടെക്സ്റ്റയിൽസ് | 500 |
| 23 | III / 159 | എ ജാനകി<br>അരുവത്ത് വീട്<br>പടിഞ്ഞാറ്റം കൊഴുവിൽ | ആയുർവ്വേദ ഫുഡ് പ്രൊഡക്റ്റ് | രേഖപ്പെട |
| 24 | III / 617 | പ്രശാന്ത് കുമാർ<br>തായത്ത് ഹൌസ്<br>പേരോൽ | ടീ സ്റ്റാൾ & ബേക്കറി | രേഖപ്പെട |
| 25 | III / 715 A18 | ഫാത്തിമ കെ<br>അഫീദ മൻസിൽ<br>നോർത്ത് കോട്ടച്ചേരി | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെട |
| 26 | III | മുനീർ സി എച്ച്<br>S/o ഇ കെ അഹമ്മദ് കുഞ്ഞി | ഫാൻസി ഷോപ്പ് | 600 |

| | | | | |
|---|---|---|---|---|
| | | ബുഷ്റ മൻസ്ിൽ<br>കണിച്ചിറ | | |
| 27 | IV / 71 | രവീന്ദ്രൻ നായർ കെ<br>കണ്ണോത്ത് ഹൌസ്<br>പടിഞ്ഞാറ്റം കൊഴുവിൽ | സ്റ്റേഷനറി | 500 |
| 28 | IV / 310 A | നാരായണൻ<br>മൂലപ്പള്ളി | ഫർണിച്ചർ കട | 300 |
| 29 | IV / 189 | രാമചന്ദ്രൻ കെ വി<br>മേനിക്കോട്ട് | ഫർണിച്ചർ കട | 700 |
| 30 | IV / 517 A5 | കെ വി കുമാരൻ<br>കോട്ടപ്പുറം | സ്റ്റേഷനറി ഷോപ്പ് | 300 |
| 31 | IV / 563 | കുഞ്ഞിക്കണ്ണൻ | ഫർണിച്ചർ | 750 |
| 32 | IV / 614 B | വിലാസിനി കെ<br>കോൺവെന്റ് ജക്ഷൻ | ടൈലറിങ് ഷോപ്പ് | 150 |
| 33 | IV / 625 A,B | സുനിൽ കുമാർ ഇ കെ<br>പട്ടേന | ഫർണിച്ചർ ഷോപ്പ് | 500 |
| 34 | IV / 630 P1 | പി സതീശൻ<br>പടിഞ്ഞാറ്റം കൊഴുവിൽ | രേഖപ്പെടുത്തിയിട്ടില്ല | 500 |
| 35 | IV / 637 I | ഗോപാലൻ എ വി<br>ചായോത്ത് | മെഡിക്കൽ സ്റ്റോർ | 500 |
| 36 | IV / 637 | മേരി ജോസഫ്<br>കരുവാച്ചേരി | ബ്യൂട്ടി പാർലർ | 750 |
| 37 | IV / 749 B | സലീം കെ | പപ്പടം ഉണ്ടാക്കൽ | 250 |
| 38 | IV / 467 | സർഫുദ്ധീൻ | ഹോട്ടൽ | 1500 |

| | | | | |
|---|---|---|---|---|
| | | തെക്കടപ്പുറം | | |
| 39 | IV / 493 | ഇസ്മയിൽ പി സി | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെട |
| 40 | V / 102 | സന്തോഷ് സി പുതുക്കൈ | ഇലക്ട്രോണിക്ക് റിപ്പയറിങ്ങ് | 250 |
| 41 | V / 148 B | വിജേഷ് പി പണ്ടിക്കോട്ട് വീട് | ഗ്യാസ് വെൽഡിങ് | 250 |
| 42 | V / 148 C,D | നൌഷാദ് എൻ പി | വെൽഡിങ്ങ് ഷോപ്പ് | 1000 |
| 43 | V / 157 | രാജൻ പി പാലക്കാട്ട് | വെൽഡിങ്ങ് ഷോപ്പ് | 300 |
| 44 | V / 191 | ടി കെ കുഞ്ഞാഹമ്മദ് ചിറപ്പുറം | സ്റ്റേഷനറി | 500 |
| 45 | V / 217 | ബിജു എം പൂവാലം കൈ | ഓട്ടോ വർക് ഷോപ്പ് | 250 |
| 46 | V / 218 A | മധുസൂതനൻ പി പട്ടേന | സോഡാ നിർമ്മാണം | 500 |
| 47 | V / 232 A | മോഹനൻ കെ വി ബംങ്കളം | ഓട്ടോ മൊബൈൽ | 500 |
| 48 | V / 291 | രതീഷ് കൃഷ്ണൻ ചിറപ്പുറം | ബാറ്ററി വിൽപ്പന | 300 |
| 49 | V / 375 | ടി എൻ പ്രസന്ന കുമാരി ചിറപ്പുറം | ടൈലറിങ്ങ് ഷോപ്പ് | 150 |
| 50 | V / 401 | രഘുനാഥൻ കെ പാലായി | സ്റ്റേഷനറി | 200 |
| 51 | V / 422 C | തങ്കമണി താഴത്തെ വീട് പുതുക്കൈ | ടൈലറിങ്ങ് | 150 |

| | | | | |
|---|---|---|---|---|
| 52 | V / 450 A2 | കുഞ്ഞഹമ്മദ് ടി<br>ആലിൻ കീഴിൽ | രേഖപ്പെടുത്തിയിട്ടില്ല | 500 |
| 53 | V / 475 C | കെ രാജേഷ്<br>പുത്തരിയടുക്കം | വെൽഡിങ്ങ് ഷോപ്പ് | 300 |
| 54 | V / 549 A | മധുസൂതനൻ<br>ആലിൻ കീഴിൽ | ഫർണിച്ചർ ഷോപ്പ് | 400 |
| 55 | VIII / 408 | ശ്രീജ<br>നടക്കാവ്<br>ഉദിനൂർ | ഫൈബർ ഗ്ലാസ്,ഡോർ നിർമ്മാണം | 500 |
| 56 | XI / 34 | റിതേഷ്<br>പട്ടേന | പച്ചക്കറി വിൽപ്പന | 750 |
| 57 | XI / 84 K | ജനാർദനൻ വി വി<br>വടക്ക് വളപ്പിൽ | ടെക്സ്റ്റയിൽസ് | 400 |
| 58 | XI / 88 | സുരേശൻ<br>പള്ളിക്കര | ഇരുമ്പ് പണി | 300 |
| 59 | XI / 88 A | സത്യൻ വി വി<br>വട്ടപ്പൊയിൽ | ഫർണിച്ചർ ഷോപ്പ് | 500 |
| 60 | XI / 390 | പ്രകാശൻ പി എം<br>കറുത്ത ഗേറ്റ് | ടൈലറിങ്ങ് ഷോപ്പ് | 300 |
| 61 | XI / 84 J | ആഷിഷ്<br>ചായോത്ത് | പലചരക്ക് കട | 750 |
| 62 | XI / 84 L | മോഹൻ ദാസ്<br>കോഴിക്കോട് | ആയുർവേദ മരുന്ന് കച്ചവടം | 250 |
| 63 | XI / 328 | ഷോബി ഫിലിപ്പ്<br>കനകപ്പള്ളി | തുണി കച്ചവടം | 300 |
| 64 | XI / 163 | ഷൈമേഷ്<br>പള്ളിക്കര | വെൽഡിങ് ഷോപ്പ് | 300 |

| | | | | |
|---|---|---|---|---|
| 65 | XI / 591 A | ബൈജു കെ<br>തൈക്കടപ്പുറം | വെൽഡിങ് ഷോപ്പ് | 300 |
| 66 | XI / 198 H | യോഗേഷ്<br>പുത്തരിയടുക്കം | വീട്ടുപകരണങ്ങൾ വിൽപ്പന | 2000 |
| 67 | XI / 37 B | ജോസ് ജോസഫ്<br>ബങ്കളം | ചായ വിതരണം | രേഖപ്പെട |
| 68 | XII / 228 | മനോജ്<br>വട്ടപ്പൊയിൽ | അലുമിനിയം ഫാബ്രിക്കേഷൻ | രേഖപ്പെട |
| 69 | XII / 229 | മനോജ്<br>വട്ടപ്പൊയിൽ | ജ്വല്ലറി വർക്ക് | രേഖപ്പെട |
| 70 | XIII / 245,246 | ബാലകൃഷ്ണൻ<br>പള്ളിക്കര | അനാദി കട | 500 |
| 71 | XIII / 304 | എം ജെ ജേക്കബ്<br>പള്ളിക്കര | ചായ കട | 100 |
| 72 | XIII / 304 A | ബാലകൃഷ്ണൻ<br>പാലായി | ടയർ റീ സോളിങ് | 400 |
| 73 | XIV / 112 A3 | ഇ പി പുരുഷോത്തമൻ<br>മൊറാഴ, കണ്ണൂർ | ഇലക്ട്രിക്കൽസ് | 500 |
| 74 | XIV / 253 A | അബ്ദുൾ കബീർ<br>കോട്ടപ്പുറം | വെൽഡിങ് യൂണിറ്റ് | 400 |
| 75 | XIV / 281,283 | സബീർ എസ് പി<br>ചപ്പാരപ്പടവ് | ടൈൽസ് ഗോഡൌൺ | 750 |
| 76 | XIV / 306 | അബ്ദുൾ സമീർ പി പി<br>കോട്ടപ്പുറം | സോഫ്റ്റ് ഡ്രിങ്ക്സ് & കൂൾ ബാർ | 1250 |
| 77 | XIV / 512 G | അനീഷ്<br>കരുവാച്ചേരി | ടെന്റ് & ഡെക്കറേഷൻ | 300 |

| | | | | |
|---|---|---|---|---|
| 78 | XIV / 590 B | കെ ഉണ്ണി കരുവാച്ചേരി | ടെന്റ് & ഡെക്കറേഷൻ | 500 |
| 79 | XVIII / 652 | ദിനേശൻ വെള്ളച്ചാൽ തൃക്കരിപ്പൂർ | ബേക്കറി നിർമ്മാണം | 1000 |

കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ കച്ചവട അടവാക്കിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കച്ചവടത്തിൽ ഏർപ്പെട്ടതിന് മേൽ കച്ചവടക്കാർക്കെതിരെ യാതൊ സ്വീകരിച്ചിട്ടില്ല.

**3.** 01.02.2011 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിന്റെ അടിസ്ഥ നഗരസഭയിൽ ഈടാക്കാവുന്ന ഫീസ് സംബന്ധിച്ച ധനകാര്യ സ്റ്റാന്റിങ് പ്രകാരം നഗരസഭാ പ്രദേശത്തെ ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതി മേഖലകളായി തിരിച്ചിട്ടുണ്ട്. ആയത് പ്രകാരം ഷെഡ്യൂളിൽ താഴെക്കൊടുത്തിരിക്കുന്ന തരത്തിലുള്ള കച്ചവട സ്ഥാപനങ്ങൾ ഡി & കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ഷെഡ്യൂൾ പ്രകാരം ക്രമ നം. | കച്ചവടത്തിന്റെ ഇനം | കുറിപ്പ് |
|---|---|---|
| പട്ടിക I ക്രമ നം.154 | സ്പിരിട്ട്- ടോഡി ,വിദേശ മദ്യം- ഏതെങ്കിലും പ്രക്രിയ ഉപയോഗിച്ച് സംഭരിക്കുകയോ,പായ്ക്ക് ചെയ്യുകയോ,പ്രസ്സ ചെയ്യുകയോ, വൃത്തിയാക്കുകയോ, നിർമ്മിക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യുക | നഗര സഭാ പരിധിയിലെ നക്ഷ പദവിയുള്ള ബാറും വിവിധ കള്ളുഷാപ്പുകളും & ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |
| പട്ടിക II ക്രമ നം. 23 | മത്സ്യ വിൽപ്പനക്കാർ | |
| പട്ടിക II ക്രമ നം. 35 | ഹോസ്റ്റലുകൾ നടത്തുക | |
| പട്ടിക II ക്രമ നം. 54 | റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ | |

ഡി & ഒ ലൈസൻസ് ഇല്ലാതെ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന മേ കച്ചവടസ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 16/30.01.2017)

## 2-3 പാരാമെഡിക്കൽ & ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേ സൂക്ഷിക്കുന്നില്ല

1997 ലെ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്ക രജിസ്ട്രേഷൻ ചട്ട പ്രകാരവും 1999 ലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ് റജിസ്റ്റർ ചെയ്യാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങൾ എല്ലാം റജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ആയത് സംബന്ധിച്ച റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇക്കാര്യം ഉറപ്പ് വരുത്ത വർഷങ്ങളിൽ ഈ ആവശ്യത്തിനായി വെവ്വേറെ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത

## 2-4 തൊഴിൽ നികുതി വരവ് - അപാകതകൾ

തൊഴിൽ നികുതി വരവ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ

1. <u>അംഗപരിമിതർക്ക് തൊഴിൽനികുതി ഇളവ്- മെഡിക്കൽ സർട്ടിഫിക്കറ്റുകൾ</u>

നഗരസഭാ പരിധിയിൽ ജോലി ചെയ്യുന്ന വിവിധ ജീവനക്കാർക്ക് അംഗപരിമ തൊഴിൽ നികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ആയത് സാധൂകരി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊ

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | ഏത് അ വർഷത്തേക്കെ |
|---|---|---|---|
| 1 | ഉഷാകുമാരി കെ , ക്ലർക്ക് | പി എച്ച് സി, തൈക്കടപ്പുറം | ഒന്നാം അ വർഷം & ര അർദ്ധ വർഷം |
| 2 | ലേഖ എം വി, ജൂനിയർ അക്കൌണ്ടന്റ് | സബ് ട്രഷറി, നീലേശ്വരം | ഒന്നാം അ വർഷം & ര അർദ്ധ വർഷം |
| 3 | ശോഭന ടി വി , ഹൌസ് കീപ്പർ | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നീലേശ്വർ | ഒന്നാം അ വർഷം & ര അർദ്ധ വർഷം |
| 4 | പി വി ധന്യ,ഓഫീസ് അറ്റന്റന്റ് | മലബാർ ദേവസ്വം ബോർഡ് അസി.കമ്മീഷണറുടെ ഓഫീസ് | ഒന്നാം അ വർഷം |
| 5 | മാത്തുകുട്ടി പി ടി, ക്ലർക്ക് | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, നീലേശ്വരം | ഒന്നാം അ വർഷം & ര അർദ്ധവർഷം |
| 6 | സതീഷ് പി വി , ഓഫീസ് അറ്റന്റന്റ് | പി ഡബ്ലു ഡി (റോഡ്) സെക്ഷൻ, നീലേശ്വരം | ഒന്നാം അ വർഷം & ര അർദ്ധവർഷം |
| 7 | ശ്രീധരൻ എ പി, ഓപ്പറേറ്റർ | കെ ഡബ്ലു എ ,പി എച്ച് സെക്ഷൻ | ഒന്നാം അ വർഷം & ര അർദ്ധവർഷം |
| 8 | വിജയൻ പി കെ, ഓഫീസ് അറ്റന്റന്റ് | ഫുഡ് സേഫ്റ്റി ഓഫീസ്, കാഞ്ഞങ്ങാട് സർക്കിൾ | രണ്ടാം അർദ്ധവർഷം |

ഭാവിയിൽ ഇത്തരം ജീവനക്കാർക്ക് ഇളവ് നൽകുമ്പോൾ മതിയായ രേഖകൾ ഉറപ്പ് വരുത്തേണ്ടതാണ്.

2. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും താഴെക്കൊ
സ്ഥാപനങ്ങളുടെ സ്ഥാപന നികുതി അടവാക്കിയ വിവരം പരിശോധനയ്ക്കാ

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി കാലയളവ് | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ റശീതി നം. |
|---|---|---|---|
| 1 | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നീലേശ്വരം സായാഹ്ന ശാഖ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം | റ.നം. 11506106535 തീ.04.09.2015 & 14643 തീ.23.02.16 |
| 2 | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ഹൌസിങ്ങ് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം | റ.നം. 11506106277 തീ.26.08.2015 & 14905 തീ.25.02.2016 |
| 3 | എസ് ബി ടി ,നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം | റ.നം. 11506400032 തീ.14.09.2015 & റ.നം.11506500045 തീ.02.03.2016 |
| 4 | നീലേശ്വര് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, രാജാറോഡ് | രണ്ടാം അർദ്ധവർഷം | റ.നം. 11506500047 തീ.08.03.2016 |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമി.,നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം | റ.നം. 11506106349 തീ.31.08.2015 & റ.നം.14649 തീ.23.02.16 |
| 6 | കേരള ഗ്രാമീൺ ബാങ്ക് , നീലേശ്വരം | ഒന്നാം അർദ്ധ വർഷം | റ.നം. 11506400016 തീ.25.08.2015 |
| 7 | നീലേശ്വരം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | ഒന്നാം അർദ്ധ വർഷം | റ.നം. 11506106529 തീ.04.09.2015 |
| 8 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്സ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം | റ.നം. 11506115166 തീ. 27.02.2016 & റ.നം. 15166 തീ.27.02.2016 |
| 9 | എസ് ബി ഐ ,നീലേശ്വരം | രണ്ടാം അർദ്ധ വർഷം | റ.നം. 11506500034 തീ.22.02.2016 |

3. വിമുക്ത ഭടനാണെന്ന കാരണത്താൽ താഴെക്കൊടുത്ത ജീവനക്കാരന് നികു

| ജീവനക്കാരന്റെ പേര് & തസ്തിക | സ്ഥാപനം | തൊഴിൽ നികുതി കാലയളവ് | ആകെ അർദ്ധ വർഷ വരുമാനം | കുറിപ്പ് |
|---|---|---|---|---|
| നാരായണൻ പി എം ,ജൂനിയർ അക്കൌണ്ടന്റ് | സബ് ട്രഷറി , നീലേശ്വർ | ഒന്നാം അർദ്ധ വർഷം | 1,24,656 | റ.നം. 1150 തീ.25.08.2015 പ്രകാരം ജീവനക്കാരു നികുതി അടവാക്കിയ |
| നാരായണൻ പി എം ,ജൂനിയർ അക്കൌണ്ടന്റ് | സബ് ട്രഷറി , നീലേശ്വർ | രണ്ടാം അർദ്ധ വർഷം | 1,60,338 | റ.നം. 1150 തീ.05.02.2016 പ്രകാരം ജീവനക്കാരു നികുതി അടവാക്കിയ |

വിമുക്ത ഭടൻമാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഇളവ് നൽ ഉത്തരവുകളോ നിർദേശങ്ങളോ എന്തെങ്കിലും നിലവിലുണ്ടെങ്കിൽ ആയ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കി ആയതിനാൽ മേൽ ജീവനക്കാരനിൽ നിന്നും വരുമാനത്തിന് ആനുപാതികമ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിര നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ( 2005ലെ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3)

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | ആകെ അർദ്ധ വർഷ വരുമാനം | അടവാക്കേണ്ടുന്ന നികുതി | അടവാക്കി നികുതി |
|---|---|---|---|---|---|
| 1 | അജിത കെ , PTS | ഇന്ത്യൻ ഓവർസീസ് ബാങ്ക , നീലേശ്വരം | 49,538 (ആദ്യ അർദ്ധ വർഷം) | 450 | 300 |
| 2 | അജിത കെ , PTS | ഇന്ത്യൻ ഓവർസീസ് ബാങ്ക , നീലേശ്വരം | 45,738 (രണ്ടാം അർദ്ധ വർഷം) | 450 | 300 |
| | | | | | ആകെ |

5. നഗരസഭാ പരിധിയിൽ വിവിധ പൊതുമരാമത്ത് കരാർ ജോലിയിൽ ഏർപ്പെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽ എഞ്ചിനീയറുടെ ഓഫീസുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് ജോലിയ കരാറുകാരുടെ വിവരങ്ങൾ ശേഖരിച്ച് അവരിൽ നിന്നും നികുതി ഈടാക്കേ

6. താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ സമർപ്പിച്ച അർദ്ധവർഷ വരുമാനം രേഖപ്പെടുത്താതെയാണ് നികുതി ( ഇക്കാരണത്താൽ യഥാർത്ഥത്തിൽ അടവാക്കേണ്ടിയിരുന്ന നികുതി തന്നെ എന്ന കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുത് കാലയളവ് |
|---|---|---|
| 1 | BWWF ഡിസ്പൻസറി, മിനിസ്ട്രി ഓഫ് ലേബർ,ഗവ. ഓഫ് ഇന്ത്യ | ഒന്നാം അർദ്ധ വർഷം |
| 2 | കെ എസ് ഇ ബി , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 3 | റെയിൽവേ സ്റ്റേഷൻ , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |

ഭാവിയിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി പത്രിക സമർപ്പിക്കാൻ ന നിർദേശം നൽകേണ്ടതാണ്.

7. താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നിക റജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി കാലയളവ് |
|---|---|---|
| 1 | സനാതന ആർട്സ് & സയൻസ് കോളേജ് | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 2 | നീലേശ്വരം ബ്ലോക്ക് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 3 | നീലേശ്വരം വനിതാ സർവ്വീസ് സഹകരണ സംഘം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 4 | സ്കോളർ കോളേജ് , നീലേശ്വരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 5 | ഗുരുകുലം കമ്പ്യൂട്ടർ സെന്റർ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 6 | കെ ജി പി സ്റ്റഡി സെന്റർ | രണ്ടാം അർദ്ധവർഷം |
| 7 | എസ് എസ് ഫിനാൻസ് ഗോൾഡ് ലോൺ, ചിറപ്പുറം | ഒന്നാം അർദ്ധവർഷം |

| | | |
|---|---|---|
| 8 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് | രണ്ടാം അർദ്ധവർഷം |
| 9 | പേരോൽ ട്യൂഷൻ സെന്റർ | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 10 | ദക്ഷിൺ ഭാരത് (ഹിന്ദി) | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |
| 11 | സരസ്വതി വിദ്യാമന്ദിരം | ഒന്നാം അർദ്ധ വർഷം & രണ്ടാം അർദ്ധവർഷം |

കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പ്രസ്തുത സ്ഥാപന അടവാക്കിയിട്ടുണ്ടോ എന്ന കാര്യത്തിൽ ഉറപ്പ് വരുത്താൻ സാധിച്ചിട്ട് സ്ഥാപനങ്ങളുടെ നികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ

(ഓഡിറ്റ് എൻക്വയറി നം. 15/30.01.2017)

## 2-5 ടെണ്ടർ നോട്ടീസ് & ഇ എം ഡി - പുതുക്കിയ നിരക്ക് ഈടാക്കു

ടെണ്ടർ ഫോമുകളുടേയും ഇ എം ഡി യുടേയും വില പുതുക്കി നിശ്ചയിച്ച് പുറപ്പെ നിലവിൽ വന്നിട്ട് രണ്ട് വർഷത്തോളമായിട്ടും [ജി.ഒ(പി)നം.03/2015/ധന തീ.05 പ്രാബല്യത്തിൽ) ഇപ്പോഴും ജി.ഒ (പി)നം.540/2008/ധന തീ.01.12.2008 ൽ പറഞ്ഞിരിക്കുന്ന ഈടാക്കി വരുന്നത്. ഇത് വഴി മുനിസിപ്പൽ ഫണ്ടിന് വരവ് നഷ്ടം ഉണ്ടാകുന്നുണ്ട്. താഴെക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് | ഈടാക്കിയ ടെണ്ടർ ഫോം വില | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കി ഇ എം ഡി |
|---|---|---|---|---|
| പാലായി മുനിസിപ്പൽ ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ (പ്രോ.നം.202/16) | 1,00,000/- | 200 + VAT | 500 + VAT | 1000 |
| കുടുംബ ശ്രീ ഹാളിലേക്ക് LCD പ്രോജക്റ്റർ വാങ്ങൽ (പ്രോ.നം.202/16) | 50,000/- | 200+ VAT | 300 + VAT | 500 |
| മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം(പ്രോ.നം.198/16) | 2,00,000/- | 200 +VAT | 500+ VAT | 2000 |
| എസ് സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം (പ്രോ.നം.81/16) | 1,00,000/- | 200 + VAT | 500 + VAT | 1000 |
| പത്താം തരം എസ് സി വിദ്യാർത്ഥികൾക്ക് | 1,00,000/- | 200 + VAT | 500 + VAT | 1000 |

| | | | | |
|---|---|---|---|---|
| സൈക്കിൾ വിതരണം(പ്രോ.നം.80/16) | | | | |
| അംഗണവാടികൾക്ക് കസേര വിതരണം (പ്രോ.നം.76/16) | 72,000/- | 200+VAT | 500+VAT | 720 |
| CHMKSS GVHSS കോട്ടപ്പുറത്തിനു വേണ്ടി ലാബ് ഉപകരണങ്ങൾ വാങ്ങൽ (പ്രോ.നം.76/16) | 3,50,000/- | 200+VAT | 700+ VAT | 3500 |

ഭാവിയിൽ പുതുക്കിയ നിരക്ക് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ട
ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജ് പഠ ധനസഹായം പദ്ധതി - അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ

നീലേശ്വരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ

പ്രൊജക്ട് നം.77/15-16

ബിൽ നം.07/15-16/11.2.16 – 25000/- രൂപ

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർ നൽകാനുള്ള ഈ പദ്ധതി പ്രകാരം 1 ഗുണഭോക്താവിന് 25000/- രൂപ നൽ ഇ.കെ.നായനാർ സ്മാരക ഗവ:പോളിടെക്നിക്കിൽ പഠിക്കുന്ന സുകന്യ.കെ, D കോളനി, വട്ടപ്പൊയിൽ എന്ന വിദ്യാർത്ഥിനിക്കാണ് 25000/- രൂപ നൽ നം.633881/12.2.2016. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ, ഗ്രാമസഭ മിനിട്സുകൾ എന്ന നടത്തി. ഓഡിറ്റിന് ആദ്യം സമർപ്പിച്ച നഗരസഭ അംഗീകരിച്ച ഗുണഭോക്തൃലിസ് 4 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഈ 4 ഗുണഭോക എന്ന വിദ്യാർത്ഥിനി ഉൾപ്പെടുന്നില്ല. പിന്നീട് വീണ്ടും സുകന്യ.കെ എന്ന വിദ്യ പേർ അടങ്ങിയ ഗുണഭോക്തൃലിസ്റ്റ് സമർപ്പിച്ചു. ഇങ്ങനെ രണ്ട് ത സമർപ്പിച്ചതിനാൽ അതിന്റെ ആധികാരികത പരിശോധിക്കാൻ വിദ്യാർത്ഥ വാർഡിന്റെ മിനിട്സ് പരിശോധന നടത്തിയപ്പോൾ 5.7.2015 ന് യോഗം ചേർന്ന് ഗുണഭോക്തൃപട്ടികകൾ അംഗീകരിച്ചിട്ടുണ്ട്. ആകെ 13 പദ്ധതികളുടെ ഗുണഭോ നമ്പർ 1 മുതൽ 13വരെ തീരുമാനങ്ങളായി അംഗീകരിച്ചിട്ടുള്ളത്. ഇതിൽ 4-ാ ശേഷം തീരുമാനം നമ്പർ ഇല്ലാതെ സുകന്യ.കെ എന്ന വിദ്യാർത്ഥിനിയുടെ എഴുതി ചേർക്കുകയാണ് ചെയ്തത്.അത് കഴിഞ്ഞ് 5-ാം നമ്പർ തീരുമാനവും ഉണ്ട്.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിനിക്കാണ് ധനസഹായം നൽ എൻക്വയറി നം.03/27.01.2017 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് നൽകിയിട്ടുണ്ട്. മറുപടി ഇപ്രകാരമാണ്, അപേക്ഷകൾ വിശദപരിശോധന പ്രകാരമുള്ള 4 അപേക്ഷകർ ധനസഹായത്തിന് അർഹരല്ലാത്തതിന അഞ്ചാമത്തെ ഗുണഭോക്താവിന് തുക അനുവദിക്കുകയും ചെയ്തു എന്നാണ്. അംഗീകരിക്കുന്നില്ല, കാരണം വാർഡ്സഭ ഈ പദ്ധതിക്കായി 10 -ാം വ ഗുണഭോക്താവിനെയും തെരഞ്ഞെടുത്തിട്ടില്ല, പിന്നീട് മിനിട്ടിൽ വിദ്യാർത്ഥ ചേർക്കുകയാണ് ചെയ്തത്. അതിനാൽ ഈ ഗുണഭോക്താവിന് നൽകിയ നിരാകരിക്കുന്നു, ഈ തുക ഉത്തരവാദിയായ പട്ടികജാതി വികസന ഈടാക്കേണ്ടതാണ്.

## 3-2 നഗരസഭാ സെക്രട്ടറിക്ക് മുറിവാടക നൽകിയത്-അപാകത

2015-16 വർഷത്തിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എൻ.കെ.ഹരീഷിന് വാടക ഇനത്തിൽ പ്രതിമാസം 4500/- രൂപ നിരക്കിൽ 03/15 മുതൽ 02/16 വരെ 12 മാ രൂപ അനുവദിച്ചിട്ടുണ്ട്. 21.5.2015 ലെ ഭരണസമിതി തീരുമാനം നം. നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ,തിയ്യതി | തുക | ചെക്ക് നമ്പർ/ തിയ്യതി | ഏതുമാസത്തെ വാടക |
|---|---|---|---|---|
| 1 | വൗച്ചർ നം.21500232/8.6.15 | 13500/- | 558864/8.6.15 | 03/15, 04/15, 05/15 |
| 2 | വൗച്ചർ നം.21500318/7.7.15 | 4500/- | 558891/7.7.15 | 06/15 |
| 3 | വൗച്ചർ നം.21500444/10.8.15 | 4500/- | 592450/10.8.15 | 07/15 |
| 4 | വൗച്ചർ നം.21500560/10.9.15 | 4500/- | 592475/10.9.15 | 08/15 |
| 5 | വൗച്ചർ നം.21500643/1.10.15 | 4500/- | 592504/1.10.15 | 09/15 |
| 6 | വൗച്ചർ നം.21500766/4.11.15 | 4500/- | 636654/4.11.15 | 10/15 |
| 7 | വൗച്ചർ നം.21500785/1.12.15 | 4500/- | 636665/1.12.15 | 11/15 |
| 8 | വൗച്ചർ നം.21500934/15.1.16 | 4500/- | 640426/15.1.16 | 12/15 |

| | | | | |
|---|---|---|---|---|
| 9 | വൗച്ചർ നം.21501018/1.2.16 | 4500/- | 682431/1.2.16 | 01/16 |
| 10 | വൗച്ചർ നം.21501094/1.3.16 | 4500/- | 682452/1.3.16 | 02/16 |
| | ആകെ | 54000/- | | |

നഗരസഭാ സെക്രട്ടറിക്ക് താമസിക്കാനുള്ള മുറി വാടക നൽകുന്നതിന് 2015-16 ഉത്തരവുകൾ ഇല്ല, ഇതിന് ആധാരമായി സർക്കാർ ഉത്തരവ് നിലവിലുണ്ടെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.05/27.1.2017 പ്രക 16.1.2017 ൽ ഇറങ്ങിയ സർക്കാർ ഉത്തരവ് നം. 15/2017/തസ്വഭവ എന്ന ഉത്തരവാ ഉത്തരവിന് 16.1.2017 മുതലാണ് പ്രാബല്യം, കൂടാതെ മുൻകാല പ്രാബല്യത്തെക്കു പറയുന്നില്ല. അതിനാൽ 2015-16 വർഷത്തിൽ നഗരസഭാ സെക്രട്ടറിക്ക് താമസ നൽകുന്നതിന് ചെലവഴിച്ച 54,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല

കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 പ്രകാരം അടിയ അനുവദിക്കുന്ന മുൻകൂർ തുകകൾ, വിശദമായ ബില്ലുകളും വൗച്ചറുകളു വേഗത്തിൽ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം ബാങ്ക് പലിശ ഈടാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച 04.10.2011 ലെ ജി.ഒ(പി) നം. 419/11(ഫിൻ) നമ്പർ ഉത്തരവ് പ്രക ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അനുവദിച്ച തുക പൂർണ്ണമായും വിനിയോ എന്നാൽ ക്രമീകരിച്ച ബില്ലുകൾ യഥാസമയം സമർപ്പിക്കുകയും ചെയ്താൽ വിന 18% വാർഷിക പലിശ ഈടാക്കേണ്ടതുമാണ്. എന്നാൽ ക്രമീകരിച്ച സമർപ്പിക്കാതിരുന്നാൽ മുൻകൂർ തുക മുഴുവനും ഒറ്റത്തവണയായി തി അനുവദിച്ച തിയ്യതി മുതൽ തിരിച്ചടക്കുന്ന തിയ്യതി വരെ 18% വാർഷിക പലി മുൻകൂർ ക്രമീകരിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കൃത്യമ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

### (a)വിവിധ ചെലവുകൾ നടത്താൻ മുൻകൂർ നൽകിയത് ക്രമപ്പെടുത്തിയ

ഓഡിറ്റ് വർഷമായ 2015-16 ലും അതിന് മുമ്പും വിവിധ ചെലവുകൾ നടത്ത മുൻകൂറുകൾ ക്രമീകരിക്കാൻ ചെയ്യാൻ ബാക്കിയുണ്ട്. വിശദവിവരങ്ങൾ താഴെ

| ക്രമ നം. | മുൻകൂർ നൽകിയ വർഷം | വൗച്ചർ നം./ തിയ്യതി | തുക | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | എന്താവശ്യ |
|---|---|---|---|---|---|
| 1 | 2011-12 | 37/07/11-12/ Dt.22.7.11 | 5000/- | ശിശുപാലൻ PWD-II | കമ്പ്യൂട്ടർ സജ്ജീകരണ |

| | | | | | |
|---|---|---|---|---|---|
| 2 | 2014-15 | 91/03/14-15/ Dt.31.3.15 | 9000/- | രൂപേഷ്.ഇ JHI-II | കണ്ടിൻജന്റ് യൂണിഫോം |
| 3 | 2015-16 | 21500941/23.1.16 | 25000/- | ജിതേഷ് കുമാർ<br><br>JHI | റിപ്പബ്ലിക് ദിനശുചീക |
